കൊടിയത്തൂർ

# മുസ്‌ലിയാരകത്ത്

## കുടുംബ വിവരണം

എഡിറ്റർ
**അജ്മൽ എം.എ.**

പ്രസാധനം
മുസ്‌ലിയാരകത്ത് കുടുംബ സമിതി
കൊടിയത്തൂർ

# ചരിത്രത്തിന്റെ താളുകളിൽ നിന്ന്...

**ഹുസ്സൻ കൊടിയത്തൂർ**

കോഴിക്കോട് ജില്ലയുടെ കിഴക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു ഗ്രാമമാണ് കൊടിയത്തൂർ. വടക്കും പടിഞ്ഞാറും ഇരുവഞ്ഞിപ്പുഴയും കിഴക്ക് കാരശ്ശേരി പഞ്ചായത്തും തെക്ക് മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി പഞ്ചായത്തും അതിരായി ഏകദേശം 30 ച.കി.മീറ്റർ വിസ്തീർണ്ണമുള്ള കൊടിയത്തൂർ പഞ്ചായത്തിന്റെ ആസ്ഥാനമാണ് പ്രകൃതിരമണീയമായ ഈ ഗ്രാമം ഇപ്പോൾ.

ഒട്ടേറെ ദശകങ്ങൾക്ക് മുമ്പു തന്നെ ഈ ഗ്രാമം വൈജ്ഞാനിക - സാംസ്ക്കാരിക രംഗങ്ങളിൽ പ്രശസ്തി നേടുകയുണ്ടായി. മലബാറിലെ വിവിധ ഭാഗങ്ങളിൽ നിന്ന് അറിവുതേടി വിദ്യാർത്ഥികൾ ഇവിടെ എത്തിയിരുന്നു. ഇസ്ലാമിക മതവിജ്ഞാനരംഗത്ത് രണ്ടാം പൊന്നാനി എന്ന ഖ്യാതി കൊടിയത്തൂരിന് നേടിക്കൊടുത്ത പ്രവർത്തനങ്ങൾ നടന്നത് ചിരപുരാതനമായ ഇവിടുത്തെ ജുമുഅത്ത് പള്ളി കേന്ദ്രമാക്കിയായിരുന്നു. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഈ പള്ളി സ്ഥാപിതമായത് 365 വർഷങ്ങൾക്കു മുൻപ് ഹിജറ 1057 (ക്രി. 1636)ൽ ആണെന്ന് പുതുക്കിപണിത സമയത്ത് മുറിച്ചുമാറ്റപ്പെട്ട ഒരു കഴുക്കോൽ കഷണത്തിൽ രേഖപ്പെടുത്തിയത് ഇന്നും പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്. മുൻവശത്തെ വാതിൽ പുതുക്കിപ്പണിതത് സ്ഥാപിതമായി 52 വർഷങ്ങൾക്ക് ശേഷമാണെന്ന് വാതിലിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിമനോഹരമായ ചിത്രപണികളും അതിവിദഗ്ധമായ തച്ചുവേലകളും കൊണ്ട് ആരെയും ആകർഷിക്കുന്ന ഈ പള്ളിയുടെ മുഖ്യശില്പി കെ.വി കുഞ്ഞി എന്ന ആശാരിയാണെന്ന് രേഖകളിൽ കാണുന്നു. ആ കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം മുസ്ലീം സംസ്ക്കാരത്തിന്റെ ആവ



ശ്യംഘടകങ്ങളായ മൊല്ല, മുക്രി, പുരോഹിതൻമാർ, ക്ഷുരകൻമാർ, തയ്യൽ വേലക്കാർ തുടങ്ങിയ വിഭാഗങ്ങളെയെല്ലാം പള്ളിയ്ക്ക് ചുറ്റുമായി കൂടിയിരുത്തിപോന്നതായി കാണാം.

ഈ പള്ളി കേന്ദ്രമായി വളരെ പ്രശസ്തമായി നടന്നു വന്നിരുന്ന 'ദർസ്' ആണ് ഇന്ന് കൊടിയത്തൂരിലുള്ള മിക്കവാറും എല്ലാ തറവാടുകളുടെയും കാരണവൻമാരെ ഇവിടേയ്ക്ക് കുടിയേറിപ്പാർക്കാൻ പ്രേരിപ്പിച്ചത്. മതപണ്ഡിതൻമാരായ വടക്കൻ അഹമ്മദുകുട്ടി മുസ്ല്യാർ, എം.സി.സി. ഹസ്സൻമൗലവി, അച്ചിപ്പറ മുഹമ്മദ് മുസ്ല്യാർ, തുടങ്ങിയ



പഴയ കൊടിയത്തൂർ ജുമാ മസ്ജിദ്



പുതിയതിന്റെ മാതൃക

വർ വിവിധ കാലങ്ങളിൽ ഈ ദർസിലെ അദ്ധ്യാപകരായിരുന്നു. കെ. സി. ഹുസൈൻ മുസ്ല്യാർ, മങ്ങാണ്ടൻ ആലിക്കുട്ടി മൗലവി, എം.എ അബ്ദുൾ അസീസ് മൗലവി, എം. ശെയ്ഖ് മുഹമ്മദ്, കെ.സി. അബ്ദുല്ല മൗലവി തുടങ്ങിയവർ ഈ ദർസിൽ പഠിച്ചവരാണ്. കെ.സി. ഹുസൈൻ മുസ്ല്യാരും, എം.എ. അബ്ദുൾ അസീസ് മൗലവിയും പിൽക്കാലത്ത് ഈ പള്ളിയിൽ ഖത്തീബ് ആയി ജോലി ചെയ്തിട്ടുണ്ട്. കൊടിയത്തൂരിലെ ആദ്യത്തെ വൈദ്യുതി കണക്ഷൻ 1962 ൽ ലഭ്യമായത് ഈ പള്ളിയിലാണ്.

നടുക്കണ്ടത്തിൽ കോയാമു ഹാജി, അരീപ്പറ്റമണ്ണിൽ അബ്ദുസലാം ഹാജി തുടങ്ങിയ സമ്പന്നൻമാർ ഈ ദർസിന്റെ നടത്തിപ്പിനായി ഇന്നത്തെ വിലനിലവാരം അനുസരിച്ച് ലക്ഷകണക്കിന് രൂപയുടെ ഭൂസ്വത്തുക്കൾ വഖഫ് ചെയ്തിട്ടുണ്ടായിരുന്നു. ഇന്ന് ഈ ഗ്രാമത്തിൽ ചെറുതും വലുതുമായ 16 പള്ളികൾ ഉള്ളതിൽ 9 എണ്ണത്തിൽ ജുമുഅ നമസ്ക്കാരം നിർവ്വഹിക്കപ്പെടുന്നുണ്ട്.

ഭൗതിക വിദ്യാഭ്യാസം മതവിരുദ്ധമെന്ന് പോലും വ്യാഖ്യാനിക്കപ്പെട്ടിരുന്ന 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ അയൽപ്രദേശങ്ങളിൽ നിന്നെല്ലാം വിദ്യാർത്ഥികളെ ആകർഷിച്ചിരുന്ന ഇവിടുത്തെ പ്രാഥമിക വിദ്യാലയമായ ജി.എം.എൽ.പി. സ്ക്കൂൾ സ്ഥാപിച്ചത് എ.എം. ചെറിയകുട്ടിഹസ്സൻ ഹാജി ആയിരുന്നു. ഡിസ്ട്രിക്റ്റ് ബോർഡ് നിലവിൽ വന്നപ്പോൾ അതിന്റെ കീഴിലായ ഈ വിദ്യാലയം ഇന്ന് സർക്കാർ സ്ഥാപനം ആണെങ്കിലും ഏതാനും കെട്ടിടങ്ങൾ ഇപ്പോഴും ഈ കുടുംബക്കാരുടേതാണ്. സ്ക്കൂൾ ആദ്യമായി തുടങ്ങിയ കെട്ടിടം ജീർണ്ണാവസ്ഥയിൽ ഇന്നും നിലനിൽക്കുന്നു. നിലവിലുള്ള വിവരങ്ങൾ അനുസരിച്ച് ഈ വിദ്യാലയം 1911 ലാണ് സ്ഥാപിതമായത്. മുക്കത്തെ വയലിൽ കുഞ്ഞാലി ഹാജിയാണ് ആദ്യത്തെ വിദ്യാർത്ഥി. അഞ്ചാം ക്ലാസ്സ് വരെയുണ്ടായിരുന്ന ഈ സ്ഥാപനം 1980-ൽ യു.പി. സ്ക്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 1227 -ൽ സർക്കാർ വക 12 മുറികളുള്ള ഒരു മൂന്ന് നില കെട്ടിടം പണിതു കിട്ടിയിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുശേഷം വിവിധ ഘട്ടങ്ങളിൽ ഈ ഗ്രാമത്തിൽ പുതുതായി രണ്ട് എൽ.പി. സ്ക്കൂളുകളും രണ്ട് യു.പി. സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും ഒരു ഇംഗ്ലീഷ് മീഡിയം (സി.ബി.എസ്.ഇ) സ്ക്കൂളും ഉയർന്നു വന്നിട്ടുണ്ട്.

ഒരു കാലത്ത് മലബാറിലുടനീളം പേരും പെരുമയുമാർജ്ജിച്ച മതപാഠശാലയായിരുന്നു ഇവിടുത്തെ സിറാജുൽ ഇസ്ലാം മദ്രസ. അത് സ്ഥാപിക്കപ്പെട്ടത് 1917-ലാണെന്ന് രേഖകളിൽ കാണുന്നു. ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി സ്ഥാപിച്ച കേരളത്തിലെ രണ്ടാമത്തെ മദ്രസയാണിത്. ചേന്ദമംഗല്ലൂരിൽ 92-ാം വയസ്സിൽ ഇപ്പോഴും ജീവിച്ചിരിക്കുന്ന എൻ.കെ. മുഹമ്മദ് മൗലവി 1921-ൽ ഇവിടെ പഠിച്ചിരുന്നു. അദ്ദേഹത്തിന്റെ ഗുരു കീഴുപറമ്പിലെ കുട്ട്യാലി മുസ്ല്യാർ, മലബാർ കലാപത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടുകയുണ്ടായി. ഈ കാലഘട്ടത്തിലാണ് സ്റ്റേറ്റ് പ്രചാരത്തിൽ വന്നത്. പഴയ തലമുറയിലെ എല്ലാവരുടെയും ഉസ്താദ് ആയിരുന്ന


സിറാജുൽ ഇസ്ലാം മദ്രസ്സ



കണ്ണാട്ടിൽ കുഞ്ഞിരായിൻ മുസ്ല്യാർ (മരണം 1973) പ്രശസ്തമായ ഈ മദ്രസ്സയിലെ സദർ മുദരിസായിരുന്നു. ആത്മീയ ചൈതന്യത്തിന്റെ പ്രതീകമായി അന്നും ഇന്നും അദ്ദേഹം ഇവിടെ ആദരിക്കപ്പെടുന്നു. ഇന്ന് ഈ ഗ്രാമത്തിൽ സിറാജുൽ ഇസ്ലാം മദ്രസക്കു പുറമെ 12 മദ്രസകളും രണ്ട് യത്തീംഖാനകളും പ്രവർത്തിച്ചുവരുന്നു.

കേരളത്തിൽ താരതമ്യേന പ്രചാരം കുറഞ്ഞ അഹമ്മദിയ്യ മുസ്ലീം ജമാഅത്ത് 1935-ൽ തന്നെ ഇവിടെ നിലവിൽ വരികയുണ്ടായി. മംഗലശ്ശേരി അഹമ്മദ്കുട്ടിയും അനുജൻ അബൂബക്കറുമാണ് ഇവിടുത്തെ അദ്യകാല അഹമ്മദികൾ. 1964 -മുതൽ അവരുടെ പള്ളി ഇവിടെ നിലനിന്നുവരുന്നു. 1989- മെയ് 28-നു ഈ പ്രസ്ഥാനവും മറ്റ് മുസ്ലീം സംഘടനകളും തമ്മിൽ കൊടിയത്തൂരിൽ നടന്ന 'മുബാഹല' ലോകചരിത്രത്തിലെ ആദ്യ സംഭവമാണ്.

കൊടിയത്തൂരിൽ മുസ്ലീം സമുദായത്തിന്റേതല്ലാത്ത ഏക ആഘോഷം കലങ്ങോട്ട് ഉത്സവമത്രേ. കണക്ക സമുദായത്തിൽപെട്ട അഞ്ച് പ്രധാന കുടുംബങ്ങളാണ് ഇതിന്റെ നടത്തിപ്പുകാർ. കഴുത്തൂട്ടിപ്പുറായിലെ ഈ കൊച്ചു ക്ഷേത്രത്തിലെ പ്രതിഷ്ഠ മുത്തപ്പനാണ്. വർഷം തോറും കുംഭമാസത്തിൽ നടത്തി വരുന്ന ഈ ഉത്സവത്തിൽ ജാതിമതഭേദമന്യേ ഈ പ്രദേശത്തെ ആബാലവൃദ്ധം ജനങ്ങളും പങ്കെടുക്കുന്നു.


കലങ്ങോട്ട് അമ്പലം

പ്രമുഖ സ്വാതന്ത്ര്യ സമരസേനാനിയും മുസ്ലീം ഉൽപതിഷ്ണുവുമായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ അന്ത്യപ്രഭാഷണത്തിന് സാക്ഷ്യം വഹിച്ച ഗ്രാമം എന്ന ഖ്യാതി കൊടിയത്തൂരിന് അവകാശപ്പെട്ടതാണ്. 1940കളിൽ ഈ ഗ്രാമം എത്രത്തോളം രാഷ്ട്രീയ പ്രബുദ്ധമായിയിരുന്നു എന്നതിന്റെ നിദർശനം കൂടിയാണ് 1945 നവമ്പർ 23-ന് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന് ഇവിടെ നൽകപ്പെട്ട സ്വീകരണം. ആ സംഭവത്തെക്കുറിച്ച് 'മുഹമ്മദ് അബ്ദുറഹിമാൻ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയത് കാണാം. 'അഞ്ചരമണിക്കാണ് അവർ കൊടിയത്തൂരിൽ എത്തിയത്. സന്ധ്യാപ്രാർത്ഥന കഴിഞ്ഞു. വമ്പിച്ച ജനക്കൂട്ടം. അതിനടുത്തകാലത്തൊന്നും അത്ര വലി

യൊരു പൊതുയോഗം ആ ഗ്രാമത്തിൽ ഉണ്ടായിട്ടില്ലെന്ന് 'മാതൃഭൂമി' രേഖപ്പെടുത്തി. ഒരു ഗ്രാമത്തിൽ ആറായിരത്തിൽപരം മുസ്ലീങ്ങൾ. അവരെ കണ്ടപ്പോൾ അദ്ദേഹം ആവേശഭരിതനായി. അദ്ദേഹത്തെ കണ്ട പ്പോൾ അവർ മതിമറന്നു...........യോഗം സമാപിച്ചു. സമയം ഒമ്പതര മണി. കുട്ടിഹസ്സൻ അധികാരിയുടെ വീട്ടിൽ അബ്ദുറഹിമാന് കേമമായ സത്ക്കാരം ഉണ്ടായിരുന്നു. അതും കഴിഞ്ഞ് ചേന്ദമംഗല്ലൂരിലെത്തി. അവിടെ അദ്ദേഹത്തിന് ആതിഥ്യം നൽകാൻ എ.എം. അബ്ദുസലാം കാത്തുനിന്നു. അതും സ്വീകരിച്ചു." (മുഹമ്മദ് അബ്ദുറഹിമാൻ, മുഹ മ്മദ് അബ്ദുറഹിമാൻ സാഹിബ് മെമ്മോറിയൽ കമ്മിറ്റി, കോഴിക്കോട്, പു; 653, 654).

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും മാർകിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയും ഇവിടെ ശക്തമായ വേരുക ളുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ്. കാഞ്ഞിരത്തൊടി രായിൻ മമ്മദും, നെല്ലിക്കൽ അയ്യപ്പനും ആയിരുന്നു ഇവിടുത്തെ മമ്മദും, നെല്ലിക്കൽ അയ്യപ്പനും ആയിരുന്നു ഇവിടുത്തെ ആദ്യകാല പ്രവർത്തകർ.

നാലഞ്ചു പതിറ്റാണ്ടുമുമ്പ് ഇന്നും ഓർമ്മയിൽ ഗൃഹാദുരത്വം ഉണർത്തുന്ന കൊടിയത്തൂരിന്റെ ഒരു ചിത്രമുണ്ട്. ഇന്നത്തേതിൽ നിന്നും എത്രയോ വ്യത്യസ്ഥം. ഇന്ന് ചുറ്റും ആഞ്ഞടിക്കുന്ന നാഗരിതയുടെ തിരമാലകൾ ഈ ഗ്രാമത്തിന്റെ രൂപത്തിലും ഭാവത്തിലും മാറ്റത്തിന്റെ അനുരണങ്ങളുതിർക്കുകയാണ് . ഉള്ളാട്ടിൽ കോയക്കുട്ടികാക്കയുടെ ഒരു മസാലക്കടയും ആയിച്ചുട്ടി മാമ്മയുടെ ഒരു മക്കാനിയും മാത്രമാ യിരുന്നു അന്നത്തെ കോട്ടമ്മൽ അങ്ങാടി. കൊടിയത്തൂർ അങ്ങാടി എന്നറിയപ്പെട്ടിരുന്നത് ജുമുഅത്ത് പള്ളിയുടെ പരിസരമായിരുന്നു. വാണിജ്യഗതാഗതം പുഴമാർഗ്ഗമായിരുന്ന പഴയ കാലത്ത് തെയ്യത്തുംക ടവ് ഒരു മരക്കച്ചവടകേന്ദ്രവും ആദ്യ അങ്ങാടിയും ആയിരുന്നു. അക്കാലത്ത് ഇവിടത്തെ പ്രധാന കച്ചവടക്കാർ കീരൻതൊടുക അവ റാൻഹാജിയും അനുജൻ ഉണ്ണിമോയി ഹാജിയുമായിരുന്നു. തെയ്യത്തും കടവിലെ രണ്ട് പീടികകൾ കഴിഞ്ഞാൽ അടുത്ത പീടിക കൊളായിലും അടുത്തത് ജുമുഅത്ത് പള്ളി പരിസരത്തും അതിനടുത്ത് അടക്കാപു രക്കൽ എന്നു പേരുള്ള കോട്ടമ്മലും ആയിരുന്നു. ബ്രാഹ്മണൻമാരുടെ നടവഴിയായിരുന്ന ഈ ഭാഗത്ത് തീണ്ടാപാടകലെ മാത്രമേ കടകൾ പാടുള്ളൂ എന്ന ബ്രാഹ്മണനിഷ്ഠയനുസരിച്ചായിരുന്നു ഈ അകലം



പാലിക്കപ്പെട്ടത്. 1952-ൽ ചെറുവാടിയിൽ ഒരു മുസ്ലീം ലീഗ് പൊതുയോ ഗത്തിൽ പ്രസംഗിക്കാൻ അബ്ദുറഹിമാൻ ബാഫക്കി തങ്ങൾ വന്ന കാറാണ് കൊടിയത്തൂരിലെത്തുന്ന ആദ്യത്തെ വാഹനം. 1972-ൽ നെല്ലി ക്കപറമ്പ് വഴി ആദ്യമായി ഈ ഗ്രാമത്തിൽ ബസ് റൂട്ട് വന്നു. ഇവിടെ ആദ്യമായി ടെലിഫോൺ സൗകര്യം വന്നത് 1975 -ലാണ്. പണ്ട് നട പ്പാത പോലും ഇല്ലാതിരുന്ന നെല്ലിക്കാപറമ്പ് റൂട്ടിൽ കാരക്കുറ്റി കഴി ഞ്ഞുള്ള ഭാഗം വന്യമൃഗങ്ങളുടെ ആവാസകേന്ദ്രമായിരുന്നു. ആ ഭാഗ ത്തേയ്ക്ക് മേയാൻ വിട്ട കാലികളെ നരി പിടിച്ചു പോയ ധാരാളം കഥ കൾ പറഞ്ഞുകേട്ടിട്ടുണ്ട്.

1963-ൽ പൊതു തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന പഞ്ചായത്ത് പ്രസിഡന്റ് വി.എം.ഉണ്ണിമോയി സാഹിബിന്റെ കാലത്താണ് കത്തി നിന്ന വിവാദങ്ങൾക്കൊടുവിൽ കൊടിയത്തൂർ പഞ്ചായത്തിന്റെ ആസ്ഥാനം ചെറുവാടിയിൽ നിന്ന് ഈ ഗ്രാമത്തിലേക്ക് മാറ്റപ്പെട്ടത്. 30.08.1972 ൽ സ്ഥാപിതമായ മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക പ്രാഥ മിക ആരോഗ്യകേന്ദ്രവും 1979 മുതൽ പ്രവർത്തിച്ചുവരുന്ന സൗത്ത് മലബാർ ഗ്രാമീണബാങ്ക് ശാഖയും ബ്രാഞ്ച് പോസ്റ്റോഫീസും വില്ലേജ് ഓഫീസും കൂടി ചേർന്നാൽ ഇവിടുത്തെ പൊതുസ്ഥാപനങ്ങളുടെ പട്ടിക പൂർത്തിയാവുന്നു. കലാകായിക സാംസ്ക്കാരിക രംഗങ്ങളിൽ വലുതും ചെറുതുമായ കുറേയേറെ ക്ലബ്ബുകളും സംഘടനകളും ഇന്നിവിടെയു ണ്ട്. യുവചേതനയുടെയും അഞ്ചുമൻ ഇശാഅത്തിന്റെയും പഞ്ചായ ത്തിന്റെയും ഗ്രന്ഥശാലകൾ ശ്ലാഘനീയമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് ജില്ലയിൽ ഗ്രാമീണ മേഖലയിലെ ഏറ്റവും മികച്ച സ്റ്റേഡിയമായ ഇവിടുത്തെ ഇതിഹാസ് പഞ്ചായത്ത് മിനി സ്റ്റേഡിയം കേന്ദ്ര മാക്കി കലാ-കായിക മേള കളും പരിശീലന കളരി കളും നടത്തിപ്പോരുന്നു.



ഈ ഗ്രാമത്തിന്റെ മനസ്സിൽ ഇന്നും ദുഃഖ ത്തിന്റെ കരിനിഴൽ പര ത്തുന്ന ഒരു ദുരന്തമുണ്ട്.

1982 ജൂലൈ 15 നു തെയ്യത്തുംകടവ് തോണിയപകടം. പൊതുപ്രവർത്ത കനായിരുന്ന മുക്കത്തെ ബി.പി.മൊയ്തീനും ഉള്ളാട്ടിൽ ഉസ്സൻകുട്ടിയും ചേന്ദമംഗല്ലൂരിലെ കോയസ്സൻ മാസ്റ്ററുടെ മകൻ 3 വയസ്സുകാരൻ അംജദ് മോനും നാടിനെ നടുക്കിയ ആ തോണി അപകടത്തിൽ മരണ പ്പെട്ടു.

നാനാത്വത്തിൽ ഏകത്വം എന്ന ആർഷഭാരതസംസ്ക്കാരത്തിന്റെ പ്രതീകമാണ് ഈ കൊച്ചു ഗ്രാമം. ജീവിത ശൈലിയും വീക്ഷണവും നാഗരികതയാൽ സ്വാധീനിക്കപ്പെടുമ്പോഴും പരിഷ്കൃതമായ പുറം തോടിനുള്ളിൽ മൃദുസ്വാദുരസാനുവിധമായ മനസ്സുള്ളവർ ഇവിടെ പര സ്പരം സ്നേഹിച്ചും കലഹിച്ചും ജീവിക്കുന്നു.

**ഉസ്സൻ കൊടിയത്തൂർ**

*നാടിന്റെ വികാര വിചാരങ്ങൾ പതിറ്റാണ്ടുകളായി*
*ഇദ്ദേഹത്തിന്റെ വാക്കുകളിലൂടെ നമുക്ക് ഹൃദിസ്ഥം.*
*കാരക്കുറ്റി ഗവ. സ്കൂളിൽ നിന്നും പ്രധാനാധ്യാപകനായി വിരമിച്ചു.*
☎ *2209294*

